manoramaonline

# ചന്ദ്രബാബു നായിഡു ഡാലസ് മഹാത്മഗാന്ധി പാർക്ക് സന്ദർശിച്ചു

Monday 08 May 2017 04:11 PM IST



by പി. പി. ചെറിയാന്




ഡാലസ് ● ആന്ധ്രപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു ഡാലസിൽ അമേരിക്കയിലെ ഏറ്റവും വലിയ മഹാത്മഗാന്ധി മെമ്മോറിയൽ പാർക്ക് സന്ദർശിച്ചു. രാഷ്ട്രപിതാവിന്റെ പ്രതിമയിൽ ഹാരമണിയിക്കുകയും ചെയ്തു. മഹാത്മാഗാന്ധി മെമ്മോറിയൽ ഓഫ് നോർത്ത് ടെക്സസ് ചെയർമാൻ ഡോ. പ്രസാദ് തോട്ടക്കൂറ, അംഗങ്ങളായ റാവുകൽവാല, എംവി എൽ പ്രസാദ്, പിയൂഷ് പട്ടേൽ എന്നിവരുമായാണ് മുഖ്യമന്ത്രി മഹാത്മാഗാന്ധി മെമ്മോറിയൽ പാർക്ക് സന്ദർശിക്കുവാൻ എത്തിച്ചേർന്നത്.



റവന്യു വകുപ്പ് മന്ത്രി അനുമാല രാമകൃഷ്ണൻ ആന്ധ്രപ്രദേശ് മീഡിയാ അഡ് വൈസർ പി. പ്രഭാകർ, സിഇഒ ഡോ. രവി തുടങ്ങി നിരവധി വകുപ്പ് ഉദ്യോഗസ്ഥന്മാരും മുഖ്യമന്ത്രിയെ അനുഗമിച്ചിരുന്നു. ഇന്ത്യൻ പ്രവാസി സമൂഹത്തിന്റെ പ്രത്യേകിച്ച് ആന്ധ്ര സംസ്ഥാനത്തു നിന്നും അമേരിക്കയിൽ കുടിയേറി പാർക്കുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ തന്നാലാവുന്നതെന്തും ചെയ്യുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ പ്രവാസികൾ വഹിക്കുന്ന പങ്കിനെ മുഖ്യമന്ത്രി പ്രത്യേകം അഭിനന്ദിച്ചു.

ഇർവിംഗ് സിറ്റിയുമായി സഹകരിച്ചു ഇത്രയും മനോഹരമായ മഹാത്മാഗാന്ധി പാർക്ക് നിർമ്മിക്കുവാൻ നേതൃത്വം നൽകിയ ഡോ. പ്രസാദ് തോട്ടക്കൂറ, കമ്മറ്റി അംഗങ്ങൾ എന്നിവരെ അനുമോദിക്കുന്നതിനും മുഖ്യമന്ത്രി മറന്നില്ല. ജോൺ ഹാമണ്ട്, ശബ്നം മോഡ് ഗിൽ, ജാക്ക് ഗോഡ്വാവനി, സാൽമാൻ, കമൽ, കൗശൽ തുടങ്ങിയവർ ചടങ്ങിൽ പ്രസംഗിച്ചു. ആന്ധ്രപ്രദേശിൽ നിന്നും എത്തിച്ചേർന്ന പ്രവാസികളുടെ ആവശ്യങ്ങൾ ഉൾപ്പെടുന്ന നിവേദനം ചെയർമാൻ മുഖ്യമന്ത്രിയെ ഏല്പിച്ചു.